**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2150** **30-07-2021 - ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ കൊവിഡ് കാലത്തെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലെ താഴ്ന്ന ഗ്രേഡുകളിലുള്ള വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് പരിമിതമായിട്ടെങ്കിലും ശമ്പളം നൽകുന്നതിനായി സർക്കാരിൽ നിന്നും സഹായം ലഭ്യമാക്കാൻ ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 20 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിൽ അസസിബിൾ വരുമാനത്തിന്റെ 50% തുക ജീവനക്കാരുടെ ശമ്പളാവശ്യത്തിനായി ചിലവഴിച്ചിട്ടും തികയാതെ വരുന്ന സംഖ്യ സർക്കാർ ഗ്രാന്റ് വഴി മലബാർ ദേവസ്വം ബോർഡിൽ നിന്നുമാണ് നൽകി വരുന്നത്. ഓരോ സാമ്പത്തിക വർഷത്തേയും ബഡ്ജറ്റിൽ ഗ്രാന്റ്-ഇൻ-എയ്ഡ് (സാലറി) ശീർഷകത്തിൽ സർക്കാർ ഈ ആവശ്യത്തിനായി തുക നീക്കിവച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 5.1 കോടി രൂപ സർക്കാർ ഇതിനകം ബോർഡിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ 2 -ാം ഗഡു തുക അനുവദിക്കുന്നതിനുള്ള ബോർഡ് കമ്മീഷണറുടെ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 99% ക്ഷേത്രങ്ങളും സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ കൂടുതൽ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള ധനസഹായം അനുവദിക്കുന്നതിനും ക്ഷേത്രജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് വഴിയുള്ള സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നതിനുമായി ബഡ്ജറ്റ അലോട്ടമെന്റിന് പുറമെ 50 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന ബോർഡ് കമ്മീഷണറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | കൊവിഡ് ആരംഭിച്ചതിന് ശേഷം ഇത്തരം ജീവനക്കാർക്ക് സർക്കാർ, ബോർഡ് നൽകിയ സഹായങ്ങൾ വിശദമാക്കാമോ? | (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സർക്കാർ ലോക്ക് ഡൗൺ ഏർപ്പെടുത്തിയതോടെ സാമ്പത്തിക പ്രതിസന്ധിയിലായ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആശ്വാസ ധനസഹായവും നൽകുന്നതിലേയ്ക്ക് വിവിധ |

| | | | |
|---|---|---|---|
| | | | ഘട്ടങ്ങളിലായി മലബാർ ദേവസ്വം ബോർഡ് ഫണ്ടിൽ നിന്നും 9 കോടി 81 ലക്ഷം രൂപയും സർക്കാർ ഫണ്ടിൽ നിന്നും 19 കോടി രൂപയും കൂടാതെ വിരമിച്ച ക്ഷേത്രജീവനക്കാർക്ക് ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിക്കുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ 1 കോടി രൂപയും ഉൾപ്പെടെ ആകെ 29,81,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ